

# രക്ഷകനായ ദൈവം

2

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 2

# ദൈവത്തോടൊത്തു വസിച്ച മനുഷ്യൻ



അങ്ങ് കിഴക്ക് ഒരു തോട്ടം. തോട്ടം നിറയെ മരങ്ങൾ.
എങ്ങും നിറവും മണവുമുള്ള പൂക്കൾ. കാണാൻ ഭംഗിയും
ഭക്ഷിക്കാൻ സ്വാദുമുള്ള പഴങ്ങൾ.
തോട്ടത്തിലൂടെ ഒഴുകുന്ന മനോഹരമായ ഒരു നദി.

തോട്ടത്തിന്റെ നടുവിൽ രു വൃക്ഷങ്ങൾ
ജീവന്റെ വൃക്ഷവും,
നന്മതിന്മകളുടെ അറിവിന്റെ വൃക്ഷവും

**ആദത്തെയും ഹവ്വായെയും താമസിപ്പിക്കാൻ ദൈവം ഒരുക്കിയതാണ് ഏദൻതോട്ടം.**

**ദൈവം എത്ര**
**സ്നേഹമുള്ളവൻ.**

അവർ ദൈവത്തോടൊപ്പം വസിച്ചു.



ഏദൻതോട്ടത്തിൽ അവർ

സന്തോഷത്തോടെ കഴിഞ്ഞു.

നമുക്കും വേ ഈ സന്തോഷം?

അതിന് നമ്മൾ എന്താണ് ചെയ്യേത്?

നമ്മൾ ദൈവത്തോടൊപ്പം വസിക്കണം.

## ദൈവത്തോടൊപ്പം വസിക്കുമ്പോൾ നമുക്കു ലഭിക്കുന്ന സന്തോഷമാണ് പറുദീസായിലെ സന്തോഷം.





## നമുക്കു പാടാം

ദൈവത്തോടൊത്തെന്നും വാണീടുകിൽ
സന്തോഷം നമ്മളിൽ വന്നുചേരും
സ്നേഹത്തിൽ എന്നെന്നും നിന്നീടുകിൽ
ദൈവത്തിൽ പറുദീസ സ്വന്തമാക്കാം





# നമുക്കുപ്രാർത്ഥിക്കാം

**എന്നെ സ്നേഹിക്കുന്ന എന്റെ ദൈവമേ, അങ്ങയോടൊപ്പം വസിക്കാൻ എന്നെ അനുഗ്രഹിക്കണമേ.**

# എന്റെ തീരുമാനം

**എന്നെ സ്നേഹിക്കുന്ന എന്റെ ദൈവത്തെ**
**സ്നേഹിച്ചും അനുസരിച്ചും ഞാൻ ജീവിക്കും.**

# ബോധ്യങ്ങൾ



* മനുഷ്യനു വസിക്കുവാൻ വേി ദൈവം ഒരുക്കിയതാണ് ഏദൻ.

* ആദവും ഹവ്വയും ഏദൻ തോട്ടത്തിൽ ദൈവത്തോടൊപ്പം സന്തോഷത്തോടെ വസിച്ചു.

* ദൈവം നമ്മോടൊത്തു വസിക്കുവാൻ ആഗ്രഹിക്കുന്നു.

* ദൈവത്തെ സ്നേഹിച്ചും അനുസരിച്ചും ജീവിക്കുമ്പോൾ പറുദീസയിലെ സന്തോഷം ലഭിക്കുന്നു.



## മനോഭാവങ്ങൾ

* ദൈവത്തോടൊത്തു വസിക്കാനായി അവിടുത്തെ കല്പനകൾ അനുസരിക്കണം.

* നമ്മെ സ്നേഹിക്കുന്ന ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യണം.



# ശീലങ്ങൾ



* ദൈവത്തിനു ഇഷ്ടമില്ലാത്തവ ചെയ്യാതിരിക്കുക.

* മാതാപിതാക്കളെയും അധ്യാപകരെയും മറ്റു മുതിർന്നവരെയും അനുസരിക്കുക.

* കുടുംബ പ്രാർത്ഥനയിൽ ഉത്സാഹത്തോടെ പങ്കെടുക്കുക.


THANK
YOU